(ഡി) കേന്ദ്രനിയമത്തിലെയും സംസ്ഥാന നിയമത്തിലെയും നികുതി ഇളവുകളും ഇതര ആനുകൂല്യങ്ങളും ലഭിക്കുന്നതിന് അപേക്ഷകൻ എന്തെല്ലാം നടപടികൾ പൂർത്തീകരിക്കാനുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള പൊതു വിൽപ്പന നികുതി നിയമം 1963 പ്രകാരവും, വാറ്റ് നിയമം 2003 പ്രകാരവും ഇത്തരക്കാർക്ക് യാതൊരുവിധ നികുതി ഇളവുകളും അനുവദിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

കൊത്തുപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം

46(1322) ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ കിഴുപറമ്പ് പഞ്ചായത്തിലെ കൊത്തുപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ നടക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പമ്പിംഗ് നടക്കുന്നുണ്ട്.

(സി) ഈ പദ്ധതി 29-5-2004-ന് കമ്മീഷൻ ചെയ്തിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ മുന്നാംകടവ് ജലസേചന പദ്ധതി

47(1323) ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മുന്നാംകടവ് ജലസേചന പദ്ധതിയുടെ ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി എത്ര രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) തുക അനുവദിച്ചിട്ടുണ്ടെങ്കിലും ആവശ്യത്തിന് ജീവനക്കാരോ, വാഹനമോ ഇല്ലാത്തതുമൂലം ഫീസിബിലിറ്റി സ്റ്റഡി തടസ്സപ്പെട്ടിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly